## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1494 — 07-06-2018 -ൽ മറുപടിക്ക്

# വൈപ്പിൻ മണ്ഡലത്തിലെ ഓഖി നാശനഷ്ടങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എസ്.ശർമ്മ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | ഓഖി ദുരന്തത്തെത്തുടർന്ന് വൈപ്പിൻ നിയോജകമണ്ഡലത്തിൽ എത്ര രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) & ബി) | ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് വൈപ്പിൻ നിയോജക മണ്ഡലത്തിൽ ഉണ്ടായ നാശനഷ്ടങ്ങളുടെയും അനുവദിച്ച തുകയുടെയും വിവരങ്ങൾ തരം തിരിച്ച് സൂക്ഷിച്ചിട്ടില്ല. എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ 26,701 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 15 കി.ഗ്രാം അരി വീതം 400.515 മെട്രിക് ടൺ വിതരണം ചെയ്തിട്ടുള്ളതാണ്. കൂടാതെ 07/12/2017-ലെ ഭക്ഷ്യപൊതുവിതരണ വകുപ്പ്, സ്പെഷ്യൽ സെക്രട്ടറിയുടെ 212/ഡി2/2017/ഭ.പൊ.വി.വ നമ്പർ കത്ത് പ്രകാരം 2017 ഡിസംബർ മാസത്തെ റേഷനും മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി നൽകിയിട്ടുള്ളതാണ്.<br>കരയിൽ വെച്ച് മരണമടഞ്ഞ മത്സ്യത്തൊഴിലാളികൾ അല്ലാത്ത രണ്ട് പേരുടെ ആശ്രിതർക്ക് ധനസഹായമായി എസ്.ഡി.ആർ.എഫ്-ൽ നിന്ന് 4 ലക്ഷം രൂപ വീതവും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപ വീതവും (ആകെ 12 ലക്ഷം രൂപ) അനുവദിച്ചിട്ടുള്ളതാണ്.<br>ആശ്വാസ ധനസഹായമായി 8540 കുടുംബങ്ങൾക്ക് 2,000/- രൂപ വീതം 1,70,80,000/- രൂപ (ഒരു കോടി എഴുപത് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) ഫിഷറീസ് വകുപ്പ് മുഖേന വിതരണം നടത്തിയിട്ടുള്ളതാണ്.<br>കാണാതായ മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിനായി തിരച്ചിൽ നടത്തുന്നതിന് 1,04,00,000/- രൂപ (ഒരു കോടി നാല് ലക്ഷം രൂപ മാത്രം) ഫിഷറീസ് വകുപ്പിന് അനുവദിച്ചിരുന്നതും, ആയതിൽ 71,22,400/- രൂപ (എഴുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി നാനൂറ് രൂപ മാത്രം) ചെലവഴിച്ചിട്ടുള്ളതുമാണ്.<br>അടിയന്തിര സാഹചര്യം നേരിടുന്നതിന് |
| ബി) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഓഖി ദുരന്തബാധിത മേഖലയിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയെന്നും ഏതൊക്കെ പ്രവൃത്തികൾക്കാണെന്നും വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി 15 ലക്ഷം രൂപ കൊച്ചി തഹസിൽദാർക്ക് എസ്.ഡി.ആർ.എഫ് ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നതും, 10,84,399/- രൂപ (പത്ത് ലക്ഷത്തി എൺപത്തിനാലായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിയൊമ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുള്ളതുമാണ്.<br>ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഫണ്ടിൽ നിന്നും, ജില്ലാ മെഡിക്കൽ ഓഫീസർക്ക് 2.5 ലക്ഷം രൂപയും, ശുചിത്വമിഷന് 3,44,350/- രൂപ (മൂന്ന് ലക്ഷത്തി നാല്പത്തി നാലായിരത്തി മുന്നൂറ്റി അമ്പത് രൂപ മാത്രം)-യും, തഹസിൽദാർമാർക്കായി 1,48,900/- രൂപ (ഒരു ലക്ഷത്തി നാല്പത്തി എട്ടായിരത്തി തൊള്ളായിരം രൂപ മാത്രം) -യും ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി അനുവദിച്ച് നൽകിയിട്ടുള്ളതും, ആയത് ചെലവഴിച്ചിട്ടുള്ളതുമാണ്.<br>ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് വീടുകൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് 1,49,23,550/- രൂപ (ഒരു കോടി നാല്പത്തിയൊമ്പത് ലക്ഷത്തി ഇരുപത്തി മൂവായിരത്തി അഞ്ഞൂറ്റി അമ്പത് രൂപ മാത്രം) കൊച്ചി തഹസിൽദാർക്ക് അനുവദിച്ചിരുന്നതും, ആയതിൽ 70,11,350/- രൂപ (എഴുപത് ലക്ഷത്തി പതിനൊന്നായിരത്തി മുന്നൂറ്റിയമ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ